**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/07/2026

1. കാർഷിക യന്ത്രവത്കരണ ഉപപദ്ധതി: ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കാൻ തുടങ്ങി. സംസ്ഥാനത്ത് കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമവും വർധിച്ചുവരുന്ന തൊഴിൽച്ചെലവും പരിഗണിച്ച് കാർഷിക പ്രവർത്തനങ്ങൾ കൂടുതൽ യന്ത്രവത്കരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ധനസഹായത്തോടെ നടപ്പാക്കുന്ന സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതിയുടെ ഭാഗമായി കസ്റ്റം ഹയറിംഗ് സെന്റർ (CHC), ഫാം മെഷിനറി ബാങ്ക് (FMB) പദ്ധതികളിലേക്കുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കും. കേന്ദ്ര സർക്കാരിന്റെ Agrimachinery Portal (agrimachinery.nic.in) വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പദ്ധതിയിലൂടെ കർഷകർക്ക് ആധുനിക

കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സബ്സിഡിയോടെ ലഭ്യമാക്കുകയും ഗ്രാമീണ മേഖലയിൽ ഗുണമേന്മയുള്ള യന്ത്രസേവനങ്ങൾ കുറഞ്ഞ ചെലവിൽ സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യുകയാണ് ലക്ഷ്യം. കർഷക ഗ്രൂപ്പുകൾ, കർഷക ഉൽപ്പാദക സംഘടനകൾ (FPO), സ്വയംസഹായ സംഘങ്ങൾ (SHG), സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് CHC സ്ഥാപിക്കാൻ പദ്ധതി ചെലവിന്റെ 40 ശതമാനം വരെ ധനസഹായം ലഭിക്കും. FMB സ്ഥാപിക്കുന്നതിന് പദ്ധതി ചെലവിന്റെ 80 ശതമാനം, പരമാവധി 24 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കും. വനാവകാശ നിയമം (FRA) പ്രകാരമുള്ള അർഹ ഗുണഭോക്താക്കൾക്ക് 90 ശതമാനം വരെ ധനസഹായം ലഭിക്കും. ഫാം മെഷിനറി ബാങ്ക് പദ്ധതികൾ 10 ലക്ഷം രൂപ വരെ, 10–20 ലക്ഷം രൂപ, 20–30 ലക്ഷം രൂപ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് നടപ്പാക്കുന്നത്. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പദ്ധതികളിൽ ട്രാക്ടറുകൾ, കൊയ്ത്ത് യന്ത്രങ്ങൾ, കാർഷിക ഡ്രോണുകൾ, കാർഷിക ഉൽപ്പന്ന സംസ്കരണ യന്ത്രങ്ങൾ, മറ്റ് ഉയർന്ന മൂല്യമുള്ള കാർഷിക യന്ത്രങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകും. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള CHC, FMB പദ്ധതികൾ അംഗീകൃത ബാങ്കുകളുടെ വായ്പയുമായി ബന്ധിപ്പിച്ച ക്രെഡിറ്റ് ലിങ്ക്ഡ് ബാക്ക് എൻഡഡ് ക്യാപിറ്റൽ സബ്സിഡി മാതൃകയിലായിരിക്കും നടപ്പാക്കുക.

ബാങ്ക് വായ്പയെടുത്ത് പദ്ധതി പൂർത്തിയാക്കിയ ശേഷം അർഹമായ സബ്സിഡി ബാങ്ക് വായ്പാ അക്കൗണ്ടിലേക്ക് ക്രമീകരിക്കും. അപേക്ഷകൾ കേന്ദ്ര-സംസ്ഥാന മാർഗനിർദേശങ്ങൾ അനുസരിച്ച് പരിശോധിച്ചശേഷം ജില്ലാ തല എക്സിക്യൂട്ടീവ് കമ്മിറ്റി (DLEC) ശുപാർശ ചെയ്യുന്നവയ്ക്ക് മാത്രമേ ധനസഹായം അനുവദിക്കൂ. അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യുന്ന രേഖകളുടെ അസൽ പരിശോധനയ്ക്കായി ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ആവശ്യപ്പെടുമ്പോൾ ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ഓഫീസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ഓഫീസുകൾ, അല്ലെങ്കിൽ സമീപത്തെ കൃഷിഭവൻ എന്നിവയുമായി ബന്ധപ്പെടാം

2. കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി: AIF പദ്ധതികളിലേക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം. കർഷകരുടെയും കാർഷിക സംരംഭകരുടെയും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് മികച്ച പിന്തുണ നൽകുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പ പദ്ധതിയിൽ (Agriculture Infrastructure Fund - AIF) അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള **അവസാന തീയതി സെപ്റ്റംബർ 30 വരെ** ദീർഘിപ്പിച്ചതായി കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. പദ്ധതിയുടെ

ഭാഗമായി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 7 വർഷത്തേക്ക് 3 ശതമാനം സബ്സിഡിയോട് കൂടി 6 ശതമാനം പലിശക്കാണ് കാർഷിക വായ്പകൾ ലഭ്യമാകുക. കൂടാതെ, ക്രെഡിറ്റ് ഗ്യാരണ്ടി കവറിന്റെ പരിധിയിൽ വരുന്ന 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അധിക ഈട് നൽകേണ്ടതില്ല എന്നതും പദ്ധതിയുടെ പ്രധാന ആകർഷണമാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉൽപ്പന്ന നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവത്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ, കാർഷിക ലോജിസ്റ്റിക്സ് തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് AIF പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാം. PMFME, SMAM, MIDH, SHM ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന സബ്സിഡി പദ്ധതികളുമായി സംയോജിപ്പിച്ചും AIF പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കും. പദ്ധതിയുടെ വിശദാംശങ്ങൾക്കായി കർഷകരും കാർഷിക സംരംഭകരും സമീപത്തെ ബാങ്ക് ശാഖകളുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾ www.agriinfra.dac.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ: 8137008197, 8921540233, 9020060507.

3. വരാനിരിക്കുന്ന ഓണാഘോഷത്തിന് മുന്നോടിയായി വീട്ടുകളിൽ സമൃദ്ധമായ പച്ചക്കറിത്തോട്ടങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് പുതിയ പദ്ധതിയുമായി രംഗത്ത്. വിഷ രഹിതവും ഗുണമേൻമയുള്ളതുമായ പച്ചക്കറികൾ സ്വന്തം വീട്ടുവളപ്പിൽ തന്നെ ഉത്പാദിപ്പിക്കാൻ പൊതുജനങ്ങളെ പ്രാപ്തമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. “ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" എന്ന ഈ പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ മൺറോ തുരുത്ത്, ഈസ്റ്റ് കല്ലട, പേരയം, കുണ്ടറ, പനയം, പെരിനാട്, തൃക്കരുവ, തൃക്കടവൂർ എന്നീ കൃഷിഭവനുകളിൽ ഗുണമേന്മയുള്ള ഹൈബ്രിഡ് പച്ചക്കറി വിത്തു പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. താല്പര്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് കുണ്ടറ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ സോണിയ എൻ ടി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470370 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. STEM മത്സ്യ സേവന കേന്ദ്രം (MSK), PMMSY പദ്ധതിയുടെ ഭാഗമായി കൊച്ചി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട് വച്ച് സംഘടിപ്പിക്കുന്ന, ശാസ്ത്രീയമായ ഞണ്ട് കൃഷിയിൽ അറിവും പ്രായോഗിക പരിചയവും ഒരുമിച്ച് നേടാനുള്ള പരിശീലനം ജൂലൈ 25ന് രാവിലെ 10.00 മുതൽ വൈകിട്ട് 4.00 വരെ നടത്തുന്നു. വാട്സാപ്പ ബുക്കിങ്ങിനായി **9544553253** എന്ന നമ്പറിൽ

ബന്ധപ്പെടുക. പരിശീലനത്തിന്റെ ഭാഗമായി ബക്കറ്റ് (Bucket) രീതിയിലുള്ള ഞണ്ട് കൃഷി, RAS (Recirculating Aquaculture System) പരിചയപ്പെടുത്തൽ, തത്സമയ ഫാം സന്ദർശനവും പ്രായോഗിക പരിശീലനവും, ഞണ്ട് കുഞ്ഞ് (Seed), തീറ്റ (Feed), Buyback സൗകര്യത്തിനുള്ള മാർഗനിർദേശം, വാണിജ്യാടിസ്ഥാനത്തിൽ ലാഭകരമായി ഞണ്ട് കൃഷി ആരംഭിക്കാനുള്ള ബിസിനസ് മാർഗനിർദേശം, പരിശീലനത്തിന് ശേഷം 6 മാസത്തെ സാങ്കേതിക പിന്തുണ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

5. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിലെ അരുവിക്കര, ആനാട്, വെമ്പായം, പനവൂർ, നെടുമങ്ങാട്, കരകുളം, വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന് എന്നീ കൃഷിഭവനുകളിൽ ഗുണമേന്മയുള്ള ഹൈബ്രിഡ് പച്ചക്കറി വിത്തു പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. താല്പര്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് നെടുമങ്ങാട് ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അധിപ പി.ബി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470149 എന്ന നമ്പരിൽ ബന്ധപ്പെടുക.